തെറ്റാണെന്നു പറഞ്ഞു. ഈ കാര്യം പരിശോധന നടത്തുന്നതും കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്. ശ്രീ. മത്തായി ചാക്കോ പറഞ്ഞ സി.എൻ.ജി.യുടെ കാര്യത്തെക്കുറിച്ചും കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(22) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നതുമൂലമുള്ള ബുദ്ധിമുട്ട്

ശ്രീ. ഇ. എം. അഗസ്തി: സർ, മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നതായിട്ടാണ് റിപ്പോർട്ടുകളിൽ കാണുന്നത്. ഇന്നലെവരെ 140 അടി വെള്ളം ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ തേക്കടി വനപ്രദേശത്ത് പെയ്ത കനത്ത മഴയെത്തുടർന്ന് ഡാമിലെ ജലനിരപ്പ് 142 അടിയായി വർദ്ധിച്ചു എന്നാണ് തഹസിൽദാരുമായി ബന്ധപ്പെട്ടപ്പോൾ അറിയിച്ചിരിക്കുന്നത്. എന്നാൽ 136 അടിയിൽക്കൂടുതൽ വെള്ളം ഡാമിൽ ഉയരരുതെന്നാണ് വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട്. കാലപ്പഴക്കംമൂലം ഡാമിന് ബലക്ഷയമുള്ളതുകൊണ്ടാണ് 136 അടിയിൽ വെള്ളം നിർത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. ഇപ്പോൾ 140 അടി കവിഞ്ഞിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാര്യം 136 അടിയിൽ കൂടുതൽവരുന്ന വെള്ളം ഒഴുക്കിക്കളയുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടിരിക്കുന്ന 12 സ്പിൽവേകളിൽ രണ്ടെണ്ണം മാത്രമേ തുറക്കാൻ കഴിയുന്നുള്ളൂ എന്നുള്ളതാണ്. ബാക്കി 10 സ്പിൽവേകൾ തുറക്കാൻ കഴിയുന്നില്ല. സ്പിൽവേകളുടെ മുൻവശത്ത് വളരെക്കാലമായി കൂട്ടിയിട്ടിരിക്കുന്ന മണ്ണും കല്ലും കൊണ്ട് അവിടെ പ്രത്യേകമായി ഒരു ഭൂപ്രദേശം രൂപപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് സ്പിൽവേകൾ തുറക്കാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. തമിഴ്നാട്ടിലേക്ക് ഒഴുക്കിക്കൊണ്ടുപോകുന്ന വെള്ളത്തെ നിയന്ത്രിക്കുന്ന ബട്ടർഫ്ലൈ വാൽവിനും തകരാറുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ട് തമിഴ്നാട്ടിലേക്കുള്ള ഒഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. ഫലത്തിൽ മുല്ലപ്പെരിയാർ ഡാമിനുതന്നെ അതിഭയങ്കരമായ സമ്മർദ്ദമുണ്ടാവുകയാണ്. ഈ സമ്മർദ്ദത്തിന് ഏതു പരിധിവരെ ഡാമിനെ താങ്ങിനിർത്താൻ കഴിയുമെന്നുള്ള ഭയാശങ്കകളുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ഇതിന്റെ അടിയന്തിരസ്വഭാവം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് ബട്ടർഫ്ലൈ വാൽവിന് എന്തെങ്കിലും തകരാറുണ്ടെങ്കിൽ അത് പരിഹരിക്കേണ്ടത് ഏറ്റവും അത്യാവശ്യകാര്യമാണ്. അതിന്റെ നടപടികൾകൂടി സ്വീകരിക്കണം. അതീവഗുരുതരമായ ഈ പ്രശ്നം ഞാൻ ഈ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ഡാം സേഫ്റ്റിക്കുള്ള ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ, ഡയറക്ടർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ തുടങ്ങിയ ഒരുസംഘം ഇപ്പോൾ ഡാം സൈറ്റിലുണ്ട്. അവിടെ 13 ഷട്ടറുകൾ തുറക്കേണ്ടതാണ്. 13 ഷട്ടറുകളും ഇപ്പോൾ തുറന്നിട്ടുണ്ട്. പക്ഷേ, രണ്ടു ഷട്ടറുകളിലൊഴിച്ച് ബാക്കിയുള്ള ഷട്ടറുകളുടെ നീരൊഴുക്കിന്റെ തോതിൽ കുറവുണ്ടെന്നുള്ള റിപ്പോർട്ടാണ് ഇന്നു രാവിലെ എനിക്ക് കിട്ടിയിട്ടുള്ളത്. 6000 ക്യൂസെക്സ് വെള്ളമാണ് ഇപ്പോൾ ഒഴുക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സ്ഥിതിയിൽ ഡാമിന് ഒരപകടവുമുണ്ടാവില്ല. മാത്രമല്ല, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ 139.6 ആണ് അവിടുത്തെ ജലനിരപ്പായി നിൽക്കുന്നത്. സ്പിൽവേയ്ക്കുമുന്നിലുള്ള തടസ്സങ്ങളുള്ള സ്ഥലം ക്ലിയർചെയ്തു കൊടുക്കാനായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ബന്ധപ്പെട്ട ആളുകൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ആ പ്രവൃത്തിയുംകൂടി ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഞാൻ ഇപ്പോൾത്തന്നെ ഇടുക്കി കളക്ടറുമായി ബന്ധപ്പെട്ടു. ഡാമിന്റെ സേഫ്റ്റി 100% ഉറപ്പാണെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. മാത്രമല്ല, ... (ബഹളം) ..... സുപ്രീംകോടതിയുടെ കേസും ഇതുമായി ബന്ധിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല ..... (ബഹളം) ..... തമിഴ്നാട്ടിലേക്ക് ജലം എടുത്തുകൊണ്ടിരുന്ന പൈപ്പ്ലൈനിൽക്കൂടി ഇപ്പോൾ വെള്ളം കൊണ്ടുപോകാൻ കഴിയുന്നില്ല. ആ ഒഴുക്ക് നിർത്തിയതുകൊണ്ടുതന്നെ മുല്ലപ്പെരിയാർ ഡാമിൽ വെള്ളം കൂടി. മഴപെയ്ത് വെള്ളം ഒഴുക്കുള്ളതുകൊണ്ട് പിന്നീട് സ്പിൽവേവഴിയാണ് വെള്ളം ഒഴുക്കിവിടാൻ കഴിയുന്നത്. സ്പിൽവേ 13 എണ്ണവും തുറന്നുവച്ചിട്ടുണ്ട്. ആ സ്പിൽവേയ്ക്കുണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. നമ്മുടെ ടീമെല്ലാം വളരെ കൃത്യമായി ആ സ്ഥലത്തുതന്നെയുണ്ട് ..... (ബഹളം) .....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, മുല്ലപ്പെരിയാറിന്റെ കാര്യമായതുകൊണ്ട് കേരളത്തിലെ മുഴുവൻ ജനങ്ങളുടെ ഭീതിയും ആശങ്കയുമുള്ളതുകൊണ്ടാണ് പ്രതിപക്ഷനേതാവ് മിനിഞ്ഞാന്ന് വളരെ ഗൗരവപൂർവ്വം ആ വിഷയം ഇവിടെ പറഞ്ഞത്. അപ്പോൾ 136 അടിയെന്ന് മുഖ്യമന്ത്രി ഇവിടെ വളരെ കൃത്യമായി പറഞ്ഞു. ഇപ്പോഴത് 139, 139.6, 140 എന്നൊക്കെ പറയുമ്പോൾ ആ ഭീതി വർദ്ധിക്കുകയാണ്. ആ ആശങ്ക ഞങ്ങളിവിടെ പ്രകടിപ്പിച്ചപ്പോൾ ഇല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞതല്ലേ? ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ ഒരു ആശങ്കയ്ക്കും ഒരടിസ്ഥാനവുമില്ല. മഴ കൂടുന്നതും തമിഴ്നാട് ഉപയോഗിച്ചുകൊണ്ടിരുന്ന വെള്ളം ഇപ്പോൾ ഉപയോഗിക്കാതെവന്നതും ഇവിടെ വെള്ളത്തിന്റെ തോതിൽ ചെറിയ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുവേണ്ടി 13 ഷട്ടറുകളും നമ്മൾ തുറന്നുവച്ചിട്ടുണ്ട്. ഈ 13 ഷട്ടറുകളും തുറന്നതിനുപുറമെ അവിടെ സ്പിൽവേ പ്രവർത്തിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഒരു ദിവസംകൊണ്ടോ ഒരു നിമിഷംകൊണ്ടോ തീർക്കാവുന്ന വിധത്തിലല്ല ആ സ്പിൽവേയുടെ തടസ്സം നിൽക്കുന്നത്. അതുകൊണ്ട് ആ സ്പിൽവേയുടെ തടസ്സങ്ങൾ നീക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട് ..... (ബഹളം) .....

മി. സ്പീക്കർ: ഇവിടെ നമ്മൾ പരസ്പരം ..... (ബഹളം) .....

ഡോ. കെ. സി. ജോസഫ്: സർ, നമ്മൾ പരസ്പരമെന്നുള്ളതല്ല, തമിഴ്നാട് മുല്ലപ്പെരിയാറിലെ ജലസംഭരണത്തിന്റെ ലെവൽ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു. അത് 138-ലേക്ക്, 140-ലേക്ക് കൊണ്ടുപോകണമെന്നുള്ളത് അവരുടെ argument ആണ്. അവരുടെ ആ argument-നെതിരായി നമ്മൾ പറഞ്ഞത് 136 അടിയിൽ കൂട്ടാൻ പറ്റില്ല, കാരണം, ഡാമിന് ബലക്ഷയമുണ്ടെന്നുള്ളതാണ്. അപ്പോൾ ഇത് 140 അടിയിൽ നിലനിർത്താൻ നമ്മൾ സമ്മതിക്കുക എന്നുപറഞ്ഞാൽ, ഇതിന് വേണ്ടത്ര ശക്തിയുണ്ട് എന്നുള്ള അവരുടെ വാദഗതിക്ക് സഹായകരമായ നിലപാടായിരിക്കും അത്. അതുകൊണ്ട് 136-നുമുകളിലുള്ള വെള്ളം ഒഴുക്കിക്കളഞ്ഞില്ലെങ്കിൽ ഇവിടെ പ്രശ്നമാകുമെന്നാണ് പറയുന്നത് ..... (ബഹളം) .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഡോ. കെ. സി. ജോസഫ് പറഞ്ഞതു തന്നെയാണ് ഞാനും പറഞ്ഞത് ..... (ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ ഗൗരവതരമായ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചു. അപ്പോൾ മുഖ്യമന്ത്രി ഈ സഭയ്ക്ക് ഒരു വാക്കുതന്നു. 136-നപ്പുറം ജലനിരപ്പ് വന്നുകഴിഞ്ഞാൽ അതിൽനിന്ന് ഒരടിപോലും ഉയർത്താൻ സമ്മതിക്കില്ലെന്നു പറഞ്ഞു. 136-ൽനിന്നും ഇപ്പോൾ 140 ആയി. ഉദ്യോഗസ്ഥന്മാർ അവിടെ എന്തുചെയ്യുകയായിരുന്നു? ഇത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അവിടെ പോയി പരിശോധിക്കേണ്ടതായിരുന്നു. ഉദ്യോഗസ്ഥർ ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇതു സംഭവിച്ചത്. ഇതിന്റെ ഫലമായി സുപ്രീംകോടതിയിൽ നമ്മുടെ കേസ് പൊളിയും. 140 അടിവരെ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിർത്താമെന്നുള്ള സ്ഥിതി ഇപ്പോൾ ഗവൺമെന്റ് സ്ഥാപിച്ചുകൊടുത്തു. തമിഴ്നാട്ടിന് അനുകൂലമായി കളിക്കുന്ന ഒരുസംഘം ഉദ്യോഗസ്ഥന്മാർ അവിടെ ക്യാമ്പു ചെയ്യുന്നുണ്ട്. ഇത് ഗൗരവതരമായ പ്രശ്നമാണ്. മുഖ്യമന്ത്രി സഭയ്ക്കു നൽകിയ വാക്ക് ലംഘിച്ചിരിക്കുന്നു എന്നുള്ളതാണ് ഇവിടുത്തെ ഗൗരവതരമായ പ്രശ്നം. ആ ഗൗരവത്തിൽ ഗവൺമെന്റിന് ഇടപെടാൻ കഴിഞ്ഞില്ല ..... (ബഹളം) .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ .....

ശ്രീ. സി. കെ. നാണു: സർ, തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത് താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അപ്പോൾ സ്വാഭാവികമായും ജലനിരപ്പ് ഉയരും. ഇവിടെ രണ്ട് സ്പിൽവേകളിലൂടെ മാത്രമേ വെള്ളം ഒഴുക്കിക്കളയാൻ പറ്റുന്നുള്ളൂ എന്നാണ് പറഞ്ഞത്. സ്പിൽവേയിൽക്കൂടി വെള്ളം പോകുന്നത് ബഹുമാനപ്പെട്ട മന്ത്രിയും അംഗമെന്നുള്ളനിലയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. പി. രാജേന്ദ്രനും ഞങ്ങളെല്ലാവരും പോയി കണ്ടതാണ്. സ്പിൽവേക്കു സമീപം അടിഞ്ഞുകൂടിയ കല്ലും മണ്ണും ഒരു ദിവസമോ രണ്ടുദിവസമോ കൊണ്ട് എടുത്തുകളയാൻ പറ്റുന്നതല്ല. ഇത് പണ്ടേ നമ്മൾ എടുത്തുകളയേണ്ടതായിരുന്നു. കൊല്ലങ്ങൾക്കുമുമ്പ് നമ്മൾ ആവശ്യപ്പെട്ടതാണ്. ഇത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഇപ്പോൾത്തന്നെ അതിന്റെ ഉറപ്പിനെ സംബന്ധിച്ച് സംശയങ്ങളുണ്ടെന്ന് ഇന്ന് പത്രങ്ങളിൽ വന്നിരിക്കുന്നു. ഈ വിഷയം ബഹുമാനപ്പെട്ട ഇ. എം. അഗസ്തി വളരെ ഗൗരവമായി ഭയപ്പാടിന്റെ ഭാഷയിൽ ഇന്ന് അദ്ദേഹത്തിന്റെ സബ്മിഷനിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. ഇത് രാഷ്ട്രീയമായിട്ടല്ല, ഇത് വളരെ സീരിയസ്സാണ്. ബഹുമാനപ്പെട്ട മന്ത്രി അതിനു വേണ്ടതു ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട സി. കെ. നാണു ഒരിക്കലും ഒരു തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ പറയുന്ന വ്യക്തിയല്ല. തമിഴ്നാട്ടിലേക്കുള്ള ഇലക്ട്രിസിറ്റി പ്രൊഡക്ഷൻ നിർത്തിവച്ചിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ അവർക്ക് വെള്ളം എടുക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് വെള്ളം എടുക്കുന്നില്ല എന്നു ഞാൻ പറഞ്ഞത്. അതിന്റെ റിപ്പയറിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ആ ഭാഗത്തേക്കുള്ള വെള്ളത്തിന്റെ നീരൊഴുക്ക് നിലച്ചിരിക്കുന്നു. രണ്ടാമത്തേത്, 136 അടി എന്നുള്ളത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയംതന്നെയാണ്. അതിൽ വ്യത്യസ്തമായ ഒരു നിലപാടുമില്ല. പക്ഷേ, അസാധാരണമായ വിധത്തിൽ അവിടെ മഴയുണ്ടാവുകയും ആ പ്രദേശങ്ങളിലെല്ലാം വെള്ളപ്പൊക്കം വരികയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മണ്ണിടിച്ചിൽപോലുള്ള അസാധാരണ സംഭവവികാസങ്ങളുണ്ടാവുകയും ചെയ്തപ്പോൾ നമ്മൾ ഷട്ടറുകളെല്ലാം ഉയർത്തിവച്ചു. ഷട്ടറുകൾ ഉയർത്തിവച്ചുകഴിഞ്ഞപ്പോഴും ലെവൽ നമ്മൾ പ്രതീക്ഷിക്കുന്ന രൂപത്തിലേക്ക് താഴ്ന്നില്ല. സുപ്രീംകോടതിയിലെ കേസുമായി ബന്ധപ്പെടുത്താൻ കഴിയാത്തതുകൊണ്ട് ഈ അസാധാരണ സംഭവവികാസം നിരന്തരമായുള്ളതാണെന്ന് തെറ്റിദ്ധരിപ്പിക്കുകയോ അങ്ങനെ പ്രചരിപ്പിക്കുകയോ ചെയ്യരുത്. കേരളത്തെ സംബന്ധിച്ചിടത്തോളം 136 അടിയിൽ കൂടുതൽ ജലനിരപ്പ് ഉയരില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. നാളെ ഞാൻ മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുന്നതാണ്. അതോടൊപ്പം നേരത്തെ ശ്രീ. ഇ. എം. അഗസ്തി പറഞ്ഞതുപോലെ തമിഴ്നാടുമായി സംസാരിക്കേണ്ട കാര്യമുണ്ടെങ്കിൽ നിശ്ചയമായും തമിഴ്നാട്ടിലെ ബന്ധപ്പെട്ട ആൾക്കാരുമായി സംസാരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 13 സ്പിൽവേയും തുറന്നുവച്ചിരിക്കുകയാണ് എന്നാണ്. 13 സ്പിൽവേയും തുറന്നുവച്ചിട്ടും ജലനിരപ്പ് മേലോട്ടുതന്നെ പോവുകയാണ്. 136 അടി എന്നാണ് മിനിഞ്ഞാന്നു ചർച്ചചെയ്യുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. 136 അടിയിൽനിന്നും ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ സമ്മതിക്കില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയത്. ആ ഉറപ്പുതെറ്റി എന്നാണ് ഇന്നലത്തേയും ഇന്നത്തേയും പത്രവാർത്തകളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. ഉദ്യോഗസ്ഥന്മാർ പറയുന്നതുമാത്രം കേട്ടു കാര്യങ്ങൾ ചെയ്യുക എന്നുള്ള നിലയിലായിരുന്നു ഇതുവരെ. മന്ത്രി ഇപ്പോൾ അവിടെ ചെല്ലുമ്പോൾ പോലും 140 അടി എന്നുള്ളത് 141 അടിയാകാൻ പോകുകയാണ്. ഞാൻ മിനിഞ്ഞാന്നു പറഞ്ഞപ്പോൾ ആളുകളെയാകെ ഭീതിപ്പെടുത്തുന്ന സ്ഥിതിയിലേക്ക് ഇങ്ങനെ പറയരുതെന്നു പറഞ്ഞ അഗസ്തിതന്നെയാണ് ഇപ്പോൾ ജലനിരപ്പ് 140 അടിയായി ഉയർന്നു എന്നു പറയുന്നത്. നാലുലക്ഷത്തിൽപ്പരം ജനങ്ങളുടെ ശവശരീരം അറബിക്കടലിൽ ഒഴുകിയെത്തും. അതു വരാതിരിക്കാൻ, ശ്രീ. ഇ. എം. അഗസ്തിയടക്കം, ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വം നിറവേറ്റാനാണ് ഞാൻ പറഞ്ഞത്. ഇത് ആളുകളുടെ ജീവിതത്തിന്റെ പ്രശ്നമാണ്. വെള്ളം മുകളിലോട്ടു തന്നെ പൊങ്ങിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത നിലനിൽക്കുമ്പോൾത്തന്നെ ഡാമിൽ വെള്ളം തുറന്നുവിടുന്നതിനുവേണ്ടിയുള്ള ഉത്തരവ് ഉദ്യോഗസ്ഥന്മാർക്ക് നൽകുമോ? മുഖ്യമന്ത്രി നൽകിയ വാക്കുപാലിക്കുമോ എന്നുള്ളതാണ് അറിയേണ്ടത്. മന്ത്രി ചന്ദനത്തോട്ടത്തിൽ പോയ കഥ എനിക്കറിയാം. മന്ത്രി പോകുന്നു എന്നുള്ളതുകൊണ്ട് വലിയ കാര്യമൊന്നുമാകുന്നില്ല. ഉദ്യോഗസ്ഥരെ വിളിച്ച് ഡാമിലെ വെള്ളം ഒഴുക്കിക്കളയാനുള്ള ഉത്തരവിടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് വഴക്കിനൊന്നും ഞാനില്ല. ഇതു കേരളത്തിന്റെ പ്രശ്നമാണ്. കേരളത്തിന്റെ താല്പര്യം പരിരക്ഷിക്കണം. 136 അടിക്ക് മുകളിൽ വെള്ളമുയരാൻ കേരള ഗവൺമെന്റ് അനുവദിക്കുന്ന പ്രശ്നമേയില്ല. പക്ഷേ, അസാധാരണമായ നീരൊഴുക്ക് ഉണ്ടായപ്പോൾ ഇപ്രകാരം ഉണ്ടായി. ഒരു ദിവസത്തെയോ ഒന്നര ദിവസത്തെയോ സംഭവവികാസം ഒരു പെർമനന്റ് ഫീച്ചറായി കണക്കാക്കാൻ പാടില്ല. അവിടെ അതിനാവശ്യമായ നടപടികൾ നമ്മൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ, ഇപ്പോൾ സംസാരിക്കുന്ന നിമിഷത്തിൽത്തന്നെ അതിനാവശ്യമായിട്ടുള്ള ആളുകൾ ഓപ്പറേഷനിൽ ഏർപ്പെട്ടിട്ടുണ്ട്. അവിടെ നടത്തുന്ന നടപടികൾ ശരിയോ എന്നു പരിശോധിക്കുന്നതിനുവേണ്ടി ഞാൻകൂടി പോകുന്നുണ്ട്. യാത്ര ചെയ്യാൻ സൗകര്യമുണ്ടെങ്കിൽ അങ്ങേയ്ക്കും എത്താം. അല്ലെങ്കിൽ അങ്ങയുടെ പാർട്ടിയിൽ നിന്നും വേറെ ആരെയെങ്കിലും നിയോഗിച്ചാലും മതി. നാളെ ആ സ്ഥലം സന്ദർശിക്കാൻ ഞാൻ തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഇതിൽ കൂടുതൽ ചർച്ചയും തർക്കവും വേണ്ട. ഇവിടെ പൊതുവെ സഭയ്ക്കും നാടിനുമുള്ള ഉൽക്കണ്ഠ പ്രകടിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി അതു ഗൗരവത്തിൽ എടുത്തിട്ടുണ്ട്. ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്നു പറഞ്ഞ സാഹചര്യത്തിൽ നമ്മൾ അതിനെ മുഖവിലയ്ക്കുതന്നെ എടുക്കുന്നു. നമുക്ക് ഇതിവിടെ അവസാനിപ്പിക്കാം.

IV. പ്രത്യേക പരാമർശം

തുറമുഖ സൗകര്യങ്ങളും കപ്പൽ ഗതാഗതവും വികസിപ്പിക്കുന്നതു സംബന്ധിച്ച നയരേഖയിന്മേൽ ചർച്ച

ശ്രീ. കെ. പി. രാജേന്ദ്രൻ: തുറമുഖ സൗകര്യങ്ങളും കപ്പൽ ഗതാഗതവും വികസിപ്പിക്കുന്നതു സംബന്ധിച്ച ഒരു നയരേഖ ഞങ്ങൾക്ക് ഒരു കവറിൽ തന്നിരിക്കുകയാണ്. ഗവൺമെന്റിന് റൂൾ 300 അനുസരിച്ച് ഇവിടെ സ്റ്റേറ്റ്മെന്റ് വയ്ക്കാം. ഇതിനുമുമ്പും ഇവിടെ നയപ്രഖ്യാപനമൊക്കെ നടത്തിയിട്ടുണ്ട്. അസംബ്ലി കൂടിക്കൊണ്ടിരിക്കുന്ന സമയത്ത് ഇങ്ങനെയൊരു നയപ്രഖ്യാപനം നടത്തി, അതു പത്രങ്ങൾക്കെല്ലാം വിതരണം ചെയ്തുകഴിഞ്ഞാൽ, ഈ സഭയിൽ ഞങ്ങളൊക്കെകൂടി ചർച്ചചെയ്ത് ഒരു പൊതു അംഗീകാരത്തോടുകൂടി വരുന്നു എന്ന ഒരു ധാരണ വരും. കേരളത്തിലുള്ള പ്രധാനപ്പെട്ട എല്ലാ തുറമുഖങ്ങളും